**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **05-07-2022 - ൽ മറുപടിയ്ക്ക്**

**വെച്ചൂച്ചിറയിൽ ക്ഷീരോൽപ്പന്ന യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | റാന്നി മണ്ഡലത്തിൽപ്പെട്ട വെച്ചൂച്ചിറയിലെ കർഷകർക്ക് ഏറെ ഗുണപ്രദമായ രീതിയിൽ ഒരു മൂല്യവർദ്ധിത ക്ഷീരോൽപ്പന്ന നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | റാന്നി മണ്ഡലത്തിൽപ്പെട്ട വെച്ചൂച്ചിറയിൽ മൂല്യവർദ്ധിത ക്ഷീരോൽപ്പന്ന നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ സാധ്യമല്ല. എന്നാൽ വ്യക്തികൾക്കോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കോ വേണ്ട സാങ്കേതിക സഹായം ക്ഷീരവികസന വകുപ്പിൽ നിന്ന് നൽകുന്നതാണ്. |
| (ബി) | ഈ സാമ്പത്തിക വർഷം തന്നെ കർഷക കൂട്ടായ്മകൾ രൂപീകരിച്ച് ആവശ്യമായ തുക വകയിരുത്തി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ക്ഷീര വികസന വകുപ്പ് ഡയറക്ടർക്ക് നൽകാമോ? | (ബി) | ക്ഷീരവികസന വകുപ്പിന്റെ കീഴിൽ 4 മുതൽ 10 വരെ അംഗങ്ങൾ ഉള്ള 'ക്ഷീരശ്രീ' ഗ്രൂപ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത്തരം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ക്ഷീരോൽപ്പന്ന നിർമാണ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ